**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2358** **18.03.2015-ൽ മറുപടിയ്ക്ക്**

**അടിച്ചിൽതൊട്ടി ആദിവാസി കോളനി റോഡ് നിർമ്മാണം**

**ചോദ്യം**
**ശ്രീ.ബി.ഡി.ദേവസ്സി**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ അടിച്ചിൽതൊട്ടി ആദിവാസി കോളനി റോഡ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | എ) | അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ അടിച്ചിൽത്തൊട്ടി ആദിവാസി കോളനി റോഡ് നിർമ്മിക്കുന്നതു സംബന്ധിച്ച് 26.02.2015-ന് തൃശ്ശൂർ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും റോഡ് നിർമ്മാണം കോഴിക്കോട് ആസ്ഥാനമായ ഊരാളുങ്കൽ ലേബർ സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും ഊരാളുങ്കൽ ലേബർ സർവ്വീസ് സൊസൈറ്റി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) | നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ബി) | എസ്റ്റിമേറ്റ് തയ്യാറായാൽ ഉടൻതന്നെ റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ